MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): It is not possible for me to go through all the Leigslative Council Proceedings. I appeal to you, Sir, since we were exercising this right, the time should be allowed.

MR. A. THANU PILLAI (*Trivandrum*): To me it seems that 5-30 is the time for rising, because in the Rules relating to the motions for adjournment, it is clearly stated:

"The debate on a motion to discuss a matter of urgent public importance shall be taken up at 3-30 P. M. and, if not earlier concluded, shall automatically terminate at 5-30 P. M., and thereafter no questions can be put."

In the absence of any other ruling fixing the time when the Council ought to rise for the day and in view of the fact that that has been the practice more or less—

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Does not the member notice that all the demands are to be put at 5 and not at 5-30 on the last day?

PRESIDENT: So far as I can see and so far as I have heard from members who have had long experience in this Council it has never been the practice to compensate for the time taken up in questions and answers. I myself have no objection to grant a few minutes more; but I do not think the members have the right to insist upon the number of days calculated at the rate of five hours each exclusive of the time taken up for interpellations. As the Law Member suggested, if the members want to have full five hours for discussion on any demand for which one day has been allotted, they could have it; but that will go out of the total number of days allotted for the discussion.

The House will now pass on to Demand No. II—Taxes on Income.

VOTING OF DEMANDS FOR GRANTS.

DEMAND II—TAXES ON INCOME.

MR. S. C. H. ROBINSON (*Land Revenue and Income-tax Commissioner*): Sir, I rise to move for a grant not exceeding Rs. 17,220 under Demand No. II—Taxes on Income.

Motion 65.

To reduce the allotment of Rs. 4,440 for Income Tax Inspectors by Rs. 10.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ഇൻകം ടാക്സ് ഇൻസ്പെക്ടറന്മാരുടെ ൪,൪൪൦ രൂപായിൽനിന്നും ൪൦ രൂപാ കുറയ്ക്കണമെന്നാണ് എന്റെ ഉപക്ഷേപം.

ആദായനികുതി തിട്ടപ്പെടുത്തുന്നതിൽ ആദായനികുതി പരിശോധകന്മാർ കാണിക്കുന്ന അനീതികളെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം സഭയിൽ ഹാജരാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tamarapallil Kochutomman.]

ആദായനികുതി കണക്കുകൾ പരിശോധിക്കുന്നതിനായി കച്ചവടക്കാർ തങ്ങളുടെ കണക്കുകളെ ദൂരസ്ഥലത്തുകൊണ്ടുപോയി പരിശോധിക്കുന്നവരുടെ അടുക്കൽ ഹാജരാക്കിയാൽ രണ്ടും മൂന്നും ആഴ്ചകൾ കഴിഞ്ഞേ കണക്കു പുസ്തകങ്ങൾ തിരികെ കിട്ടുന്നുള്ളൂ. കണക്കു പുസ്തകങ്ങൾ വ്യാപാരികൾക്ക് ദിവസേന ആവശ്യമുള്ളതാണ്. അവകൾ തിരിയെ കിട്ടുന്നതിൽ ഉണ്ടാകുന്ന കാലതാമസം നിമിത്തം പല വിധ നഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയായിതീരുന്നു. ഈ വക ഏർപ്പാടുകളെ ഭേദപ്പെടുത്തി കണക്കുപുസ്തകങ്ങൾ ഉടനേ തിരികെ കൊടുക്കത്തക്കവണ്ണം വേണ്ട ഏർപ്പാടുചെയ്യണം.

ഒരാളിന്റെ ആദായം എന്നു പറയുന്നതു് ആ ആളിന്റെ ചിലവു നീക്കിയുള്ള മിച്ചം ആണു്. കച്ചവടക്കാരുടെ എസ്റ്റാബ്ലിഷ്മെൻറ് ചിലവു്, മുഴുവനും വകവച്ചുകൊടുക്കുന്നില്ല. ക്ലാർക്കുകളുടെ ശമ്പളങ്ങൾ മുഴുവനും വക വച്ചുകൊടുക്കുന്നില്ല. പരിശോധകന്മാരുടെ ഇഷ്ടംപോലെ ഉള്ള ശമ്പളച്ചിലവുകളും മറ്റുമേ വക വച്ചുകൊടുക്കുന്നുള്ളൂ.

നികുതിദായകന്മാരുടെ സഞ്ചാരച്ചിലവു മോട്ടോർകാർ ചിലവുകൾ കാർ റിപ്പെയർമെൻറിന്റെ ചിലവുകൾ ഔദ്യോഗികം മുതലായവ വകവയ്ക്കുന്നില്ല. മനുഷ്യരുടെ പ്രയത്നങ്ങൾ അവരുടെ ആവശ്യങ്ങൾക്കാണു്. ചിലവുനീക്കിയുള്ളതാണു് അവരുടെ മിച്ചം. ഇതിന്മേൽആണു് ആദായനികുതി ചുമത്തേണ്ടതു്. പരിശോധകന്മാരായി താലൂക്കുകളിലും ഡിവിഷനിലും മറ്റും ഉള്ള ക്ലാർക്കുകളേക്കാൾ വളരെ സാമർത്ഥ്യവും പരിചയവും ഉള്ളവരാണു് മിക്ക Certified ആഡിറർമാരും. അവർ പരിശോധിച്ചു സർട്ടിഫൈ ചെയ്യുന്നകണക്കുകളെ പരിശോധനാധികാരികൾ സ്വീകരിക്കണം. വർഷാവസാനക്കണക്കുകൾ തീർക്കുന്നതിനു് കച്ചവടരീതിക്കു് അനുസരിച്ചു് ചില കച്ചവടക്കാർക്കും രണ്ടു മൂന്നു മാസത്തെ കാലതാമസം വേണ്ടിവരുന്നു. ഡി. ഫാറം കൊടുക്കുന്നതു് അടുത്ത വൃശ്ചികമാസത്തിലോ അതിനുശേഷമോ ആയിരുന്നാൽ കൊള്ളാം. പാർവ്വത്യകാരന്മാർക്കു വല്ല വിരോധവും ഉണ്ടെങ്കിൽ ഡി. ഫാറം ധാരാളം ചിലവാക്കാം. ആദായനികുതി ഈടാക്കിയിട്ടുള്ളിടത്തോളമോ അതിനോടു് അടുത്തോ ഡി. ഫാറം തള്ളിയിട്ടുണ്ടു്. ഇതുപോലും തള്ളിയുണ്ണണമെങ്കിൽ എത്ര ബുദ്ധിമുട്ടുകളും നഷ്ടങ്ങളും ഡി. ഫാറം കിട്ടിയിട്ടുള്ളവർ സഹിക്കേണ്ടിവരും.

ഡി. ഫാറത്തിനു കൂടുതൽ അവധി ആവശ്യപ്പെട്ടാൽ കോർട്ടുഫീസ് സ്റ്റാമ്പു ആവശ്യപ്പെടുന്നു. ആദായനികുതികൊടുക്കേണ്ടതിനു സ്റ്റാമ്പു

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെടുന്നതു് ന്യായമല്ല. അതിനാൽ ഈ അപേക്ഷകളെ കോട്ട് ഫീസ് റെഗുലേഷനിൽനിന്നും ഒഴിക്കേണ്ടതാണു്. ഒന്നിലധികം പങ്കുകാരുചേർന്നു നടത്തുന്ന വ്യാപാരങ്ങളിൽ ഒന്നോ രണ്ടോ അംഗങ്ങൾ മാത്രമേ കൂടുതൽ പ്രയത്നപ്പെട്ടു വ്യാപാരം നടത്തുന്നതിനു സാധിക്കുകയുള്ളു. അതിലേക്കു അവർക്കു പ്രതിഫലമായി റമ്മുണറേഷൻ കൊടുക്കുന്നതിനും ആദായനികുതിചുമത്തുന്നു. ഇവയേയും നികുതിയിൽനിന്നും ഒഴിക്കുന്നില്ല.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): ഈ കച്ചവടകണക്കുകൾ പരിശോധിച്ചിട്ടാണോ ഇൻകംടാക്സ് നിശ്ചയിക്കുന്നതു്?.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അതു് അവരുടെ ഇഷ്ടംപോലെയാണു് ചെയ്യുവരുന്നതു്.

കച്ചവടക്കാരുടെ കണക്കുകൾ ഹൈക്കോടതിവരെയുള്ള സിവിൽ കോടതികളും മറ്റും വിശ്വസിക്കുന്നു എങ്കിലും നികുതിപരിശോധകന്മാർക്കു വിശ്വസിക്കാൻ നിവൃത്തിയില്ല. ഇതു് എന്തുകൊണ്ടാണെന്നു് മനസ്സിലാകുന്നില്ല. കണക്കിൽ കാണുന്ന മുടക്കു് സംഖ്യകൾക്കും നികുതി ചുമത്തുന്നു. അതിനു് അപ്പീൽ കൊടുക്കാമെന്നു് വച്ചാലും അതിനുള്ള ബുദ്ധിമുട്ടുകളും നഷ്ടങ്ങളും ഓർത്തു പിൻവലിയുന്നു.

ചിട്ടിയിൽ ചേരുന്ന ചിറാളന്മാർക്കു കിട്ടുന്ന പീതപ്പലിശക്കും നികുതി ചുമത്തുന്നു. എന്നാൽ ഈ പീതപ്പലിശ മുന്നാം ചിട്ടി അവസാനത്തിനകം ചിറാളനു് കൊടുക്കേണ്ടതാണു്. ചിട്ടി അവസാനിക്കുന്നതിനകമായി മുന്നാളു് നിമിത്തം വല്ലതകരാറും ഉണ്ടാകുകയൊ പാപ്പരാകുകയൊ ചെയ്താൽ ചിറാളിനു് പീതപ്പലിശക്കും പുറമെ മുടക്കിയ മുതലും നഷ്ടപ്പെടുന്നു.

മുന്നാം പറ്റിയെടുക്കുന്ന പണത്തിന്റെ പലിശക്കും ആദായനികുതിചുമത്തുന്നു. പറ്റിയെടുപ്പു് പണത്തിന്റെ പലിശ ചിട്ടി ഗഡുക്കളിൽ അതായതു് ആറു മാസത്തിലൊരിക്കലൊ മൂന്നുമാസത്തിലൊരിക്കലോ തലയാൾ ഇറക്കിക്കൊടുക്കണം. അതിനാൽ ചിട്ടി അവസാനിച്ചതിൽ പിന്നീടു് മാത്രമെ പറ്റിയെടുപ്പു് പണത്തിനുള്ള പലിശക്കു നികുതിചുമത്താവൂ.

ഈ വക എല്ലാഭാഗങ്ങളെ പ്പറ്റിയും വേണ്ടവിധം ആലോചിച്ചു് ജനങ്ങൾക്കു് ക്ഷേമകരമായ വിധത്തിൽ ആദായനികുതിചട്ടങ്ങളെ ഭേദപ്പെടുത്തണമെന്നുള്ള വിവരം ഗവണ്മെൻറിന്റെദയാ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണു് ഞാൻ ഈ ഉപക്ഷേപം സഭയിൽ അവതരിപ്പിച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. V. J. OOMMEN (*Commerce and Industry, North*): സർ, ഇൻകംടാക്സ് ഈ രാജ്യത്തെ പ്രധാന ധനാഗമ മാർഗ്ഗങ്ങളിൽ ഒന്നാണ്. എന്നെ പ്രതിനിധീകരിക്കുന്ന കൊല്ലംമുതൽ വടക്കോട്ടുള്ള പതിനെട്ട താലൂക്കുകളിലെ കച്ചവടക്കാർ ഈ ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരിൽ നിന്നും അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങൾക്കു അതിരില്ല. ഈ ഡിപ്പാർട്ടുമെൻറ് മേധാവിതംവഹിക്കുന്ന കമ്മീഷണർ, പേഷ്കാരന്മാർ, ഡിവിഷനസിസ്റ്റൻറന്മാർ, തഹശീൽദാർന്മാർ തുടങ്ങിയുള്ള ഉദ്യോഗസ്ഥന്മാരിൽ ഒരൊറ്റ, ഒരുത്തനുപോലും കണക്ക് പരിശോധന സംബന്ധമായി യാതൊരു പരിജ്ഞാനവുമില്ല.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): അതുകൊണ്ട് തകരാർ വല്ലതുമുണ്ടോ.?

MR. V. J. OOMMEN (*Commerce and Industry, North*): അതുകൊണ്ടുള്ള തകരാർ ക്ലാക്കുകളെ ആശ്രയിക്കേണ്ടിവരുമെന്നുള്ളതാണ്. കച്ചവടക്കണക്കുകളെ സംബന്ധിച്ചിടത്തോളം കീഴ്ദ്യോഗസ്ഥന്മാർ പറയുന്നതു വിശ്വസിക്കയാണ് മേലധികാരികളുടെ പതിവ്. അതിനാൽ കണക്ക് പരിശോധിക്കുന്നവിഷയത്തിൽ അവർക്കുള്ള ആശ്രയം അവരുടെ കീഴിലുള്ള ക്ലാർക്കന്മാരെയാണ്: അവരാകട്ടെ തങ്ങളെ പ്രസാദിപ്പിക്കുന്നവരെ ആദായനികുതിയിൽ നിന്നും ഒഴിവാക്കുകയും അതിന് തയ്യാറില്ലാത്തവരെ മനഃപൂർവം ആദായനികുതി ബാധ്യതയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഈ കഴിഞ്ഞനിയമസഭയുടെ ഇലക്ഷൻ മുമ്പ് കച്ചവടനിയോജകമണ്ഡലത്തിലെ ചില സ്ഥാനാർത്ഥികൾ തങ്ങളുടെപാർട്ടിക്കാരായ പലരേയും വോട്ടറന്മാരാക്കിതീർക്കാൻ ശ്രമിച്ചുകൂട്ടത്തിൽ തന്നെ പാർപ്പിച്ചുവത്തിയാണൊ എന്ന് ആളറിയാതെ വെറുതെ അനേകം ക്ലെയിംസ് ഒപ്പിട്ട താലൂക്ക കച്ചേരിയിൽ ഹാജരാക്കീട്ടുണ്ട്. അങ്ങിനേ ആരുടെയെല്ലാം ഒപ്പ് കണ്ടുവൊ അവരിൽനിന്നും ഇൻകംടാക്സ് അസസ്സ് ചെയ്യുന്നതിനു ഉത്തരവിട്ടു. ഇങ്ങിനെ ആളറിയാതെ വെറുതെ ഒപ്പിട്ടവരിലും ഇൻകംടാക്സ് ചുമത്തിയിട്ടുണ്ട്.

PRESIDENT: Do you say the candidates put in forged documents?

MR. V. J. OOMMEN (*Commerce and Industry, North*): അവരുടെ സ്നേഹിതന്മാർ ചെയ്തിരിക്കാം.

MR. REVATI NAL RAMA VARMA RAJA (*Edavagai*): മെമ്പറിൻെറസ്നേഹിതന്മാർ ആരെങ്കിലും അങ്ങിനെ ചെയ്തിട്ടുണ്ടോ?

MR. V. J. OOMMEN (*Commerce and Industry, North*): എൻെറ സ്നേഹിതന്മാർ അങ്ങിനെ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*): അങ്ങിനെ ചെയ്യുന്ന സ്നേഹിതന്മാർമെമ്പറിനുണ്ടായിരുന്നൊ?

MR. V. J. OOMMEN (*Commerce and Industry, North*): ഇല്ലായിരുന്നു എന്നാണു് എന്റെ വിശ്വാസം. പട്ടണങ്ങളിൽ ഇൻകംടാക്സ് ഇൻസ്പെക്ടറന്മാരും നാട്ടിൻപുറങ്ങളിൽ തഹശീൽദാരന്മാരും, ഓരോകച്ചവടക്കാരനും ആണ്ടിനാൽ ഇത്രരൂപാ ആദായമുണ്ടെന്നു് ഡിവിഷൻ അസിസ്റ്റൻറിന്റെ പേക്കു് എഴുതിഅയക്കുകയും ആ തുകക്കു് നികുതിചുമത്തുകയുമാണു് ഇപ്പോൾ ചെയ്യുവരുന്നപതിവു്. ഓരോ കച്ചവടക്കാരന്റേയും കണക്കുകൾ മുൻകൂട്ടി പരിശോധിച്ചു് ഇത്രരൂപാ ആണ്ടിനാൽ ചിലവുനീക്കി ആദായം കിട്ടുന്നുണ്ടെന്നു കണ്ടുപിടിക്കാതെ തോന്നിയതുപോലെ ആദായനികുതി ചുമത്തുന്നതു് അക്രമവും നീതിവിരുദ്ധവുമാകുന്നു.

കീഴ്ഉദ്യോഗസ്ഥന്മാർ ഇപ്രകാരം ചെയ്തുകൊണ്ടിരിക്കുന്നതു്, ഡിവിഷനസിസ്റ്റൻറന്മാർ പേഷ്കാരന്മാർ മുതലായവർ തങ്ങളുടെ അത്തികളിൽ പിരിക്കുന്നആദായനികുതി തലെആണ്ടത്തേക്കാൾ കൂടുതലല്ലാതെ കുറഞ്ഞുപോകരുതെന്നുള്ള ആദായനികുതി കമ്മീഷണരുടെ കൽപനമായ ഉത്തരവുകൊണ്ടാണെന്നാണു് എന്റെ അറിവു്. ഇപ്രകാരം യാതൊരുവ്യവസ്ഥയും ക്ലിപ്തപ്പെടുത്തീട്ടില്ലാത്ത ഈമാതിരി നികുതിപ്പിരിവു് പ്രജാക്ഷേമത്തെക്കരുതി പ്രവർത്തിക്കുന്നയാതൊരു ഗവൺമെൻറും അനുവദിക്കത്തക്കതല്ല. അന്യായമായ നികുതിചുമത്തിയതിനെപ്പറ്റി ആരെങ്കിലും കണക്കു് ഹാജരാക്കി അപ്പീൽ ബോധിപ്പിച്ചു്, ഏതെങ്കിലും ഡിവിഷനസിസ്റ്റൻറിന്റേയൊ പേഷ്കാരുടേയോ കണക്കുപരിശോധനക്കുശേഷം ന്യായമല്ലെന്നു തങ്ങൾക്കു തോന്നുന്ന ഏതെങ്കിലും തുക കുറച്ചുവിധിയുണ്ടായാൽ അപ്രകാരം ചെയ്യുന്നിനു് സമാധാനം ബോധിപ്പിക്കുവാൻ ആദായനികുതി കമ്മീഷണർ അവരോടു് ആവശ്യപ്പെട്ടുവരുന്നു. പൊതുജനങ്ങളുടെ നന്മയെ ലാക്കാക്കി പ്രവർത്തിക്കേണ്ട ഒരു ഗവണ്മെൻറിന്റെ ഏറ്റവും ചുമതലയുള്ള ഒരുദ്യോഗസ്ഥൻ ചെയ്യുന്ന ഈ അപരാധത്തേയും അക്രമത്തേയും സംബന്ധിച്ചു പൊതുജനപ്രതിനിധികളായ പ്രജാസഭയിലേയും നിയമസഭയിലേയും മെംബറന്മാർ അനേകം നാളായി മുറവിളിക്കൂട്ടിക്കൊണ്ടിരുന്നിട്ടും ഇതേവരെ പറയത്തക്ക യാതൊരുഫലവും ഉണ്ടായിട്ടില്ല. അതിനാൽ ആദായനികുതിയെ സംബന്ധിച്ചു് താഴെ പറയുന്ന നിർദ്ദേശങ്ങളെ ഗവൺമെൻറു് ദയവായി അംഗീകരിച്ചു് നടപ്പിൽ വരുത്തേണ്ടതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

(ഫ) മുൻക്രട്ടിക്കണക്കുകഠം പരിശോധിക്കാതെയാതൊരുകച്ചവടക്കാരന്റെ പേരിലും ആദായനികുതി ചുമത്തുവാൻ പാടുള്ളതല്ല.

(ച) ഗവണ്മെൻറിനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കണക്കു പരിശോധകന്മാരാൽ സർട്ടിഫൈചെയ്യപ്പെട്ടിട്ടുള്ള കണക്കിനെവിശ്വസിച്ചു മാത്രമേ ആദായനികുതി ചുമത്തുവാൻ പാടുള്ളൂ.

(ന) കച്ചവടക്കാരുടെ സൗകര്യത്തിനുവേണ്ടി ആദായനികുതി കൊടുക്കുന്നതായ എല്ലാ കച്ചവടക്കാരുടേയും സ്ഥലത്തുപോയി കണക്കുകഠം പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് ഗവണ്മെൻറ് വേണ്ട വ്യവസ്ഥചെയ്യണം.

മേല്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളെ ഗവണ്മെൻറ് അംഗീകരിച്ച് നടപ്പിൽവരുത്തി തിരുവിതാംകൂറിലെ കച്ചവടക്കാർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഉപദ്രവങ്ങഠംക്ക് നിവാരണം വരുത്തികൊടുക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു.

MR. P. S. MAHOMED (*Nominated*): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ആദായനികുതി പിരിക്കുന്ന ഇപ്പോഴത്തെ ആ സമ്പ്രദായം കച്ചവടക്കാരെ പലവിധത്തിൽ ഉപദ്രവിക്കുന്ന ഒന്നാണെന്നാണ് എന്റെ അഭിപ്രായം. അവരുടെ കണക്കുപുസ്തകങ്ങഠം രണ്ടും മൂന്നും നാലും ആഴ്ച കോടതിയിൽ സൂക്ഷിക്കേണ്ടിവരുന്നതുനിമിത്തമുള്ള ബുദ്ധിമുട്ടിനുംപുറമെ അവരുടെ കണക്കപ്പിള്ളമാർ, ഈ കണക്കുകളെ മനസ്സിലാക്കിക്കൊടുക്കുന്നതിന് മിക്കദിവസവും കോടതിയിൽ ഹാജരാകേണ്ടിയുമിരിക്കുന്നു. കണക്കുകളെ അതു നോക്കുന്ന ആളുകഠംക്ക് മനസ്സിലാക്കികൊടുക്കണമെങ്കിൽ അതു നോക്കുന്നവക്ക് അറിവാൻ പാടില്ലാത്തതുകൊണ്ട് കണക്ക് തിരിയെകിട്ടുന്നതുവരെ ഇവരെ അയക്കേണ്ടിയിരിക്കുന്നു. അതുംവളരെ ബുദ്ധിമുട്ടാണ്.

പിന്നെ കച്ചവടക്കാരുടെ എസ്റ്റാബ്ലിഷ്മെൻറ് വകയിലുള്ള ചിലവ് പലതും വകവച്ചുകൊടുക്കാതെയാണ് ആദായനികുതി ചുമത്തുന്നതു്. എന്നു മാത്രമല്ല കച്ചവടത്തിന്റെ പ്രചാരത്തിന് വേണ്ടിയും അവരുടെ കസ്റ്റമേർസിനെ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും കച്ചവടത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയും ചെയ്യുന്നപല പ്രവർത്തികൾക്കും ചിലവാകുന്ന സംഖ്യയിൽ മിക്കതുംവകവച്ചുകൊടുക്കാൻ പാടില്ല എന്നനിലയിൽ തീച്ച് ഉണ്ടായിട്ടുള്ളതായി എനിക്ക് കാണ്മാൻ സാധിച്ചിട്ടുണ്ട്. അതായതു കച്ചവട ആവശ്യത്തിനായി കച്ചവടക്കാർക്കു ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തുനിന്നു വണ്ടിയിൽ മറെറാരു കച്ചവടസ്ഥലത്തേക്കു പോകേണ്ടിയിരിക്കും. ഇതിലേക്ക് ആലപ്പുഴയിൽ സാധാരണയായി റിക്ഷാവണ്ടി ഉണ്ടു്. ഇതു് വളരെ ആദായകരവും എളുപ്പത്തിൽ പോകാവുന്നതുമായ ഒരു വാഹനമാണു്. ഈ വാഹനത്തിനു് കൊടുക്കുന്ന സംഖ്യക്രടി വകവച്ചു കൊടുക്കുന്നില്ല. ഈ വണ്ടിയിൽ കച്ചവടക്കാരും അവരുടെ ശമ്പളക്കാരും പോകും. ആണ്ടിൽ രണ്ടായിരം രൂപാ ആദായം സമ്പാദിക്കുന്ന ഒരാൾ നടന്നു പോകുക എന്നുള്ളതു വളരെ പ്രയാസമാണു്. വണ്ടിയിൽ മാത്രമേ പോകുകയുള്ളൂ. ഇങ്ങിനെയുള്ള ചിലവുകൾ ഉൾപ്പെടുത്തുകയില്ല. വക വയ്ക്കുകയില്ല എന്നു പറയുന്നതു് വളരെ അക്രമമാണു്. അതിനും പുറമെ കച്ചവടക്കാരുടെ കടകളിൽ പലരും വരും അവക്കു് സ്പല്പം മുക്കാനൊ ചായയൊ കൊടുത്തു് സൽക്കരിക്കേണ്ടതു് അത്യാവശ്യമാണു്. യൂറോപ്യന്മാർ അഡ്വർടൈസ്മെൻറു് എന്ന നിലയിൽ വലിയ തുകകൾ ചിലവിടുന്നതു് വകവച്ചുകൊടുക്കുന്നുണ്ടു്. കടകളിൽ വന്നാൽ അവരെ യഥായോഗ്യം സൽക്കരിക്കേണ്ടതു് കച്ചവടക്കാരുടെ മുമതലയാണു്. ആ ചിലവു് കടയിൽ ചേർന്നതാണു്. വീട്ടുചിലവല്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ ചിലവു ക്രടി കച്ചവടത്തിനുള്ള ചിലവായി കണക്കെഴുതുന്നുണ്ടോ?

MR. P. S. MAHOMED (*Nominated*): തീച്ചയായും എഴുതുന്നുണ്ടു്. ഈ ചിലവുകളെ കച്ചവടക്കാർ പ്രത്യേകമായി എഴുതുന്നു. അതിൽ സ്വന്തമായ ചിലവുകൾ ഉണ്ടെങ്കിൽ അതിൽ പ്രത്യേകം ഇനം പറഞ്ഞെഴുതും.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): വട്ടച്ചിലവു് എന്നു് ഒന്നുണ്ടോ?

MR. P. S. MAHOMED (*Nominated*): ഉണ്ടു്. അതും പ്രത്യേകം ഇനമായി എഴുതും.

ഈ പാൻസുപ്പാരി ചിലവു് അനുവദിക്കാൻ പാടില്ലാ എന്നു് ആഡ്ർ ഉണ്ടു്. കണക്കു് പരിശോധിച്ചാൽ അതിൽ കാണുന്ന നിലയിൽ മാത്രമല്ലാ ടാക്സ് ചെയ്യുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇങ്ങിനെ അനുവദിക്കുന്നില്ല എന്നു മേലധികാരത്തിൽ അപ്പീൽ കൊടുത്തിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): കീഴ്കോടതിയിൽ ഈ വക ചിലവു വകവച്ചുകൊടുത്തതിനെ മേൽ കോടതി സ്വന്തനിലയിൽ അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

സ്ഥിരപ്പെടുത്തി അതു വകവച്ചുകൊടുക്കാൻപാടില്ലെന്നുത്തരവുചെയ്തിട്ടുണ്ട്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതിന്മേൽ ഹൈക്കോടതിവരെ പരിശോധന ബോധിപ്പിച്ചിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*); ഹൈക്കോടതിവരെ, ഈ ചായയുടേയും മുക്കാന്റേയും കായ്ത്തിനായി പോകേണ്ടിവരുന്നവിഷമത്തെ ആലോചിച്ചിരുന്നെങ്കിൽ ഈ ചോദ്യം ചോദിക്കുകയില്ലായിരുന്നു.

ഇനി കണക്കു പരിശോധിക്കുന്നതിൽ കാൺഫിഡൻഷ്യൽ ഇൻഫർമേഷൻ എന്നൊരു സമ്പ്രദായമുണ്ട്. അതു അനുസരിച്ച് ഇത്രആയിരം രൂപായുണ്ടെന്ന് അറിഞ്ഞിരിക്കുന്നതിനാൽ ഇത്ര ആയിരംരൂപാ നികുതി ചുമത്തിയിരിക്കുന്നു എന്നാണ് ഉത്തരവു പുറപ്പെടുവിക്കുന്നത്. അതിനെ അസ്ഥിരപ്പെടുത്താനും സാധിക്കുകയില്ല. കാൺഫിഡൻഷ്യൽ റിപ്പോർട്ട ചെയ്യുന്നതിനിരിക്കുന്ന ഉദ്യോഗസ്ഥന്മാരെ സന്തോഷിപ്പിക്കാത്തതുകൊണ്ടാണുഇപ്രകാരം വരുന്നത്. കച്ചവടക്കാക്ക് അധികംപേക്കും ക്ലാക്കന്മാരെസന്തോഷിപ്പിക്കാതെ ഇരിക്കാൻ നിവർത്തിയില്ല. ഗവർമ്മെന്റിനു ന്യായമായ ആദായനികുതി ലഭിക്കണമെങ്കിലും അതിൽ ഒരു ഗണ്യമായഭാഗം ക്ലാക്കന്മാരുടെ പാക്കറ്റിൽ പോകാതിരിക്കണമെങ്കിലും കച്ചവടക്കാരെ ബുദ്ധിമുട്ടിക്കാത്ത നിലയിൽ ഏതെങ്കിലും ഒരു നില ഏർപ്പെടുത്തേണ്ടതാണ്.

MR. MURUVELIL PACHU PILLAI (*Shertallai*): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഇവിടത്തെ ആദായനികുതിപിരിവിൽ പലകുഴപ്പങ്ങളും ഉണ്ടാകുന്നുണ്ട് എന്നുള്ളതു പറയാതിരിക്കാൻ നിവർത്തിയില്ല. ഫാറം-ലെ ഇൻകം ടാക്സ് റിപ്പോർട്ട പരിശോധിക്കുന്നതായാൽതന്നെ ഇതിന്റെ ഏകദേശമുള്ള വാസ്തവങ്ങൾ ബോദ്ധ്യപ്പെടുന്നതാണ്. ഡി. ഫാറം നോട്ടീസു ഡിപ്പാർട്ടുമെൻറുകാർ അയക്കുന്നതു തന്നെ ഒരു അതിരും വ്യവസ്ഥയുമില്ലാതെയാണ്. ചായക്കച്ചവടംചെയ്യുന്ന ആളുകൾക്കുകൂടിയും ഡി. ഫാറം നോട്ടീസ്സ് അയക്കുന്നുണ്ട്. താലൂക്കച്ചേരിയിൽനിന്നും ഡി. ഫാറം നോട്ടീസ് അയക്കുന്നവക്കെല്ലാം പിന്നീടു ഇൻ. ഫാറം നോട്ടീസയക്കുന്നുമില്ല. ആദ്യമായി എല്ലാപേരേയും ഭയപ്പെടുത്തുന്നതിന് ഡി. ഫാറം നോട്ടീസ് അയക്കുന്നു. പിന്നീടു നടക്കുന്ന ക്രമക്കാഴ്ചയുടെ ഫലമായിട്ടാണെന്നു തോന്നുന്നു ഇൻ. ഫാറം അയക്കാതെയിരിക്കുന്നത്. ആദായനികുതി ചുമത്തിയവരുടെ സംഖ്യ ഇത്രയുണ്ടെന്നു പ്രസിദ്ധപ്പെടുത്തിട്ടുള്ള റിപ്പോർട്ടനുസരിച്ചു ഫാറം-ൽ വരുവാ

LIBRARY ARCHIVES Kerala Legislative Assembly

പേരും ഫാറം ഡിയിൽ വരുവാൻ പേരും ഉള്ളതായികാണുന്നു. ഈ ഇനത്തിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന വരവ് ആണ്ടുതോറും ശരാശരി ന്യൂലക്ഷം രൂപായാണ്. അതുതന്നെ ഉദ്യോഗസ്ഥന്മാരുടെ ശ്രമക്കുറവു മൂലം ഒരാണ്ടിൽ കൂടുതലും ഒരാണ്ടിൽ കുറവുമായിരിക്കും. ഇതിനു കാരണം പ്രധാനമായിട്ടു രണ്ടാണ്. ഒന്നുകിൽനികുതി കൊടുക്കേണ്ടുമതലയുള്ളവരെല്ലാവരേയും ഒരുപോലെ ടാക്സ് ചെയ്യുന്നില്ല. അല്ലെങ്കിൽ ജനങ്ങളുടെ ധനസ്ഥിതി വഷ്ക്കുന്നില്ല. ടാക്സു ചെയ്യേണ്ട ആവശ്യമില്ലാത്തവരിൽ പലരേയും ടാക്സ് ചെയ്യുന്നുമുണ്ട്. ഈ വിധത്തിലിരിക്കുന്നതുകൊണ്ട് ശരിയായി ടാക്സ് ചെയ്യുന്നു എന്നു വിചാരിക്കാൻ മാർഗ്ഗമില്ല. ഇത്രമാത്രവുമല്ല ടാക്സ് ചെയ്യുന്നതുതന്നെ ശരിയായി വരിക്കുന്നില്ല എന്നു റിട്ടേൺ നോക്കിയാൽ കാണാം. കൊല്ലം ഡിവിഷനിലും കോട്ടയം ഡിവിഷനിലും വലിയ കുടിശ്ശിക ബാക്കിയുണ്ടെന്നു ഫാറം-ലെ റിട്ടേൺ കാണാവുന്നതാണ്. ഇതു ഒട്ടുംതന്നെ അഭിനന്ദിക്കത്തക്കതായിരിക്കുന്നില്ല. ഇൻകംടാക്സ് ഡിപ്പാർട്ട്മെൻറിനുവേണ്ടി ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുന്നതിൽ ഞങ്ങൾ എല്ലായ്പോഴും അനുകൂലമുള്ളവരല്ല. ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടുതന്നെ നിവർത്തിയുള്ളിടത്തോളം ഈ വകജോലികളും നടത്തിച്ചു് കുഴപ്പംകൂടാതെ കൊണ്ടുപോകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതിനു നിവർത്തി ഇല്ലെങ്കിൽ ഈ ഡിപ്പാർട്ടുമെൻറിലെ ജോലി ശരിയായി നിർവഹിക്കുന്നതിനും ടാക്സ് ഈടാക്കേണ്ട ആളുകളിൽനിന്നും അപ്പപ്പോൾ ടാക്സ് ഈടാക്കി പരാതിക്കുടാതെ ശരിയായിട്ട് നടത്തിക്കൊണ്ടുപോകുന്നതിനുമായി ഈ ഡിപ്പാർട്ടുമെൻറിനെ പ്രത്യേകം ഒരു ഡിപ്പാർട്ടുമെൻറായിതിരിച്ചു് അതിലേക്കു പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതുകൊണ്ടും വിരോധമില്ല. ന്യായമായിട്ടു കിട്ടേണ്ട ആദായം ശരിയായിട്ടു ഈടാക്കുകയും നികുതി കൊടുക്കാൻ യോഗ്യത ഇല്ലാത്ത ആളുകളിൽ നിന്നും നികുതി പിരിക്കുന്നു എന്നുള്ള ജനസങ്കടത്തെ തടയുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : I rise to support the motion. As my friend has said there is a variation in the number of D. Form notices served every year. If for example 500 notices are served this year, 20 more persons will be served with these notices in the next year. This varies in various offices. I hope the Commissioner will pay special attention to this item.

Another defect which I want to place before the Council is this. The cases for adjournments are not made by the Income Tax Collector and there is no case diary as we have in Civil Cases. As far

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

as possible such cases are posted on dates when the Income Tax Collector would be in the station. In all probability the cases will be posted before the Tahsildar and they will be adjourned on days when the Tahsildar is on circuit. The Income Tax Collector for that day would be a very irresponsible clerk and if the parties are to produce accounts he would at times deny to state what is the proper assessment.

Another defect is the extraordinary powers given to the income tax collectors.

The illiterate trader, though often times he gets a decent income, may not keep accounts. A merchant may appear to be very decent but he would only be getting a very small income. Under such circumstances, he is taxed very heavily. I would urge that the Government must be very careful in seeing that they levy tax only on the actual income earned With these words I support the motion before the House.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) കച്ചവടക്കണക്കുകളെ സംബന്ധിച്ചുമാത്രമെ ഇവിടെ ഇതുവരെ പ്രസ്താവിച്ചു കേട്ടൊള്ളൂ. ശരിയായ ആഫീസ് എസ്റ്റാബ്ളിഷ്മെൻറും കണക്കും വച്ചിട്ടുള്ള എല്ലാസ്ഥലങ്ങളിലെ കണക്കുകളും ഓരോതവണയും ഡി ഫാറംറിട്ടേൺസ് ചെന്നുടൻ പരിശോധിക്കണമെന്നും, അപ്പോഴൊക്കെയും ഇൻകംടാക്സ് ആഫീസിൽ കണക്കുകൾ എല്ലാം ഹാജരാക്കണമെന്നുംവച്ചിരിക്കുന്നതു പലതരത്തിലും വിഷമമാണ്. കണക്കുകൾ പോയി പരിശോധിക്കുന്നതിനു പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ട ആവശ്യമുണ്ടോ എന്നതന്നെ സംശയമാണ്. ഇൻസ്പെക്ടർമാർക്കു സാധാരണയായി ഒരു ക്ലിപ്തകാലത്തേക്കു റിട്ടേൺസിന്റെ ഗഡുക്കൾ ഒഴിക്കെ ബാക്കിയുള്ള സമയം മുഴുവനും ജോലി എന്താണെന്നു അറിഞ്ഞുകൂടാ. ആദ്യം ഡി. ഫാറം നോട്ടീസ് അയച്ചുകഴിഞ്ഞാൽ പുസ്തകംഹാജരാക്കാനാണ് എല്ലാവരോടും ആവശ്യപ്പെടുന്നതു്. മൻകൊല്ലത്തേക്കാൾ ഈ കൊല്ലത്തിൽ ആദായം വരവു ചിലവിൽ വലിയ വ്യത്യാസമില്ലെങ്കിലും എല്ലാപുസ്തകവും ഹാജരാക്കണമെന്നു പറയുന്നുണ്ടു്. ഈപുസ്തകങ്ങൾ വളരെക്കാലം കഴിഞ്ഞാണു തിരിച്ചുകൊടുക്കുന്നതു്. മറുകേസുകൾക്കായി കോടതിയിൽ ഹാജരാക്കേണ്ടതും മറുമായ ഈകണക്കുപുസ്തകങ്ങൾ ആഫീസിൽ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു വളരെഅസൌകര്യം ഉണ്ടാക്കുന്നുണ്ടു്. ഇതിലേക്കു പ്രത്യേകം നിയമിതന്മാരായ ഉദ്യോഗസ്ഥന്മാർ ശരിയായ ആഫീസ് എസ്റ്റാബ്ളിഷ്മെൻറും കണക്കും വച്ചിട്ടുള്ളവരുടെ പക്കൽനിന്നും ഒരു സ്റ്റേറുമെൻറു മേടിച്ചു പരിശോധിക്കുകയും പരിശോധിച്ചകണക്കുകളെ പറ്റിവലിയസംശയംതോന്നുന്നുണ്ടെങ്കിൽ അ

LIBRARY ARCHIVES Kerala Legislative Assembly

തിലേക്ക് അയാളോട് എക്സ്പ്ലനേഷൻ ചോദിക്കുകയും, അതും തൃപ്തികരമല്ലെങ്കിൽ മാത്രം കണക്കു പരിശോധിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നതു് നന്നായിരിക്കും. ആഫീസ് എസ്റ്റാബ്ലിഷ്മെൻറും കണക്കും വച്ചിരിക്കുന്ന എല്ലാസ്ഥലങ്ങളിലും ഇതു നടപ്പിൽവരുത്തുന്നതു നന്നായിരിക്കുമെന്നാണു് എൻെറ അഭിപ്രായം. ആഡിറ്റ് ചെയ്തു സർട്ടിഫൈ ചെയ്ത കണക്കുകളെ പോലും ഇന്നു പരിശോധിച്ചു വരുന്നു. ഫലം നിസ്സാരവുമാണു്. ഈ അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): Sir, the Income Tax Regulation is one of the most difficult Regulations to work. Incometax is a tax not relished by any one, not even by us officers who also have to pay the tax. But we have to realise it with as much fairness as we can, both from the Government's as well as from the assessees' point of view. We try to be fair both to the public and to Government. It is a most difficult and arduous work. I do not think any Income Tax Officer likes having to work it.

About the complaints that have been made by members, steps will be taken to remedy them to the best of my ability.

Mr. Kochutomman complained that the books maintained by merchants are detained for two or three weeks. I have already issued a circular (and in fact, I have got a copy of it here) to all collectors that the account books of merchants should not be detained. Of course, in the case of big firms it is not possible to go through all their accounts in one day. In such cases, I have asked the Officers concerned to return the books in the evening and continue the work the next day.

MR. V. J. OOMMEN (*Commerce and Industry, North*): May I know from Mr. Robinson whether he knows anything about auditing of accounts?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): Yes. In British India, I passed a book-keeping Examination.

MR. V. J. OOMMEN (*Commerce and Industry, North*): What about the Dewan Peishkars?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I presume they must already have learned all about the subject by now. The Income Tax Regulation has now been in existence for about seven or eight years in Travancore. When it first came into operation, it was new to every body, even to the public, to the collectors, and to the Vakils, and we all learn more about it every day.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Does the member recognise that parts of the existing statute are not free from ambiguity and that they require legislative changes?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I quite agree with the view expressed by the learned Deputy

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. C. H. Robinson.]

President.: In every bit of legislation we frame, however careful we may be, there arise difficulties and hardships, and we try to rectify them from time to time, as they are brought to our notice. Whatever defects there may be in this Regulation, Government will take steps to rectify them.

Mr. Kochutomman also complained that certain expenses should be allowed as working charges. Unfortunately, we have not got a free hand in this. We have to follow the decisions of Courts. For instance, I think he mentioned motor car allowances. Where the motor car is used for the earning of profits those charges are allowed. In fact we have allowed it in one case. I remember a timber contractor who had to go round from place to place in his car and his motor car expenses were allowed as the car was solely used for the earning of his profits. But we cannot allow such expenses to everyone for simply attending offices like myself. Such expenses are not allowed anywhere. The various kinds of expenses which cannot be allowed and which can be allowed are shown in the various commentaries and court decisions. The Court decisions are all quoted in those commentaries. We have not got a free hand in this matter. It is all a question of law or fact. We simply follow the decisions of Courts.

As regards D form notices, I may say that they are issued by the various collectors, and not by proverticars; but they are served by the Proverticars. The Proverticars have no hand in issuing them. The procedure in connection with this is as follows:—

First, the Collectors ascertain who the persons are in their jurisdiction who may have a taxable income. Having got that information which may be correct or may not be correct, they serve these people with D Form notices. If they find a person showing no taxable income in his D Form and they have got information that he has a taxable income, they are bound to put before the person the items which are not shown or are disputed by him. They cannot act on confidential information without putting before the assessee the points that were against him. There are not only High Court decisions to this effect, but I have also issued a special circular drawing their attention to the fact that they should not act on confidential information alone, but that they are bound every time to put such facts before the assessee and give him a chance of rebutting or meeting them.

As regards the indiscriminate issue of these D Form notices, this also is receiving attention at the time of inspections and I find that in 1101 one Dewan Peishkar found that a certain Collector had issued about 163 notices indiscriminately and that the Dewan Peishkar took effective steps to stop it.

I just mention this to show that we try our best to prevent the subordinates from being irresponsible in the matter.

LIBRARY ARCHIVES Kerala Legislative Assembly

Mr. Kochutomman suggested that notices should be sent only to the persons who have a taxable income. We do not know whether they have a taxable income or not until they fill in and return the D form notices. Another point raised is that the accounts of the parties which have been certified to by approved accountants are not always accepted. It is not that the Income Tax authorities disbelieve the accounts or that they are incorrect. Accounts frequently contain items which cannot be allowed under the Income Tax Rules. It is the same even with big firms. We have to go through their accounts and check them, and allow certain items and disallow certain items and see whether, under the Income Tax Law, they are allowable or disallowable.

I just had a case where a big Firm wanted to claim depreciation as well as renewals and it was passed by their auditors. But according to the Income Tax Regulation this cannot be claimed. There are many points like that which simply arise over a question of Income Tax Law. Therefore it is necessary to go through these accounts in detail. It is not that we disbelieve them. We accept them and check them according to the Income Tax Regulation and the Rules under the Income Tax Regulation.

Mr. Oommen complained that subordinates often cause people in his constituency to be wrongly assessed. If it is found that there has been such a wrong assessment, rigorous action is always taken against these subordinates. Mr. Oommen stated that the Income Tax subordinates are taken to task if there is a fall in the income tax. The fact is we merely have to enquire into variations not merely for a fall but also in cases of abnormal increase, and we have to ascertain whether it is due to natural causes or otherwise. One year in Alleppey we found it was a very good year. We found an abnormal export of tea and coir and so on. The next year we found that there was a heavy fall in those exports and so we believe that that was a very bad year; and this helps us to see whether the income tax is being properly levied.

Mr. Oommen also complained that some subordinates show lenience to the parties. If instances are brought to notice, very severe action will be taken against them. I do not see how it affects the subordinates, whether the assessment is reduced or enhanced. It makes no difference at all unless the parties or their relations are known to the subordinates or unless the assessment is in respect of the subordinates' own income. The assessments are made with reference to the accounts. The Income Tax Officer has to do his best in assessing a party. If the accounts are not kept so that he can have any idea of what a person's income is, the only course will be to ascertain it to the best of his ability; and that is generally done as follows:—

We see that he has done business for so much money in the year and we ascertain from other merchants and also from the accounts they produce what the profits may be expected to be. We generally assess on the income thus estimated. It is the only way and the fairest way to assess a person.

The idea that income tax officers or auditors should go to each place or house where the party is to examine their accounts

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. C. H. Robinson.]

is not practicable. What we are doing is to ask the collectors as far as possible to order the examination of accounts in the places where the parties are. For instance, suppose the Kottayam Dewan Peishkar or the Division Assistant or the Tahsildar has assessing some people in a distant place like Ettumanur. It is difficult for the merchants there to bring in all the books to Kottayam. Therefore they do their examination of accounts during their tours. To go to every house is absolutely impossible. It would require an enormous staff, and the pay of the staff would far exceed the income we derive. The only way, therefore, is to save the parties from as much inconvenience as we can. I have also issued a circular to this effect. I have also asked the collectors not to detain the account books longer than is absolutely necessary, and not to ask more people to present their accounts than they could examine in a certain day.

Mr. P. S. Mahomed complained that rikshaw charges are not allowed in Alleppey. There again, we are simply bound by what the law is. If any charge is incurred for the earning of the profit it is allowed. But if it is not wholly and solely to earn the profit we cannot allow it. He also complained about confidential information being acted on. I have already stated that we have issued a circular that confidential information should not alone be acted upon. The case against any man must be put before him. We may get perfectly true information that a man has lent out money on loan and that a certain amount of money is due to him. That man may be able to explain that the money due to him has not been paid, and that the debtor has gone to the civil jail, or that certain money that he has received was not on his behalf, but on behalf of somebody else, and that it has been paid to somebody else. In every case we have to face the assessee with the information against him.

As regards big variations in the number of assessees and the figures about income tax, that is absolutely beyond our control. It is simply due to the fluctuations in trade and the different industries.

I think the idea that Mr. T. C. Kesava Pillai put forward is a very good one, that is, about having case diaries in income tax files, as is obtaining in civil courts or criminal courts to show when each step was taken and why adjournments were granted. I will try to introduce that system.

I think that I have dealt with all the points raised. We will do our best to work the income Tax Regulation sympathetically. We try to lessen the amount of inconvenience to the public as much as possible and at the same time, we also try to get the maximum amount of revenue possible to Government. I think there is less complaint in Travancore in regard to income tax than in any other part of the world. I know for certain, that there are less complaints here than in England or in British India, and I can only say that that must be due to the honesty of the officers and the clerks who are working the Regulation. I do not think I have anything more to explain. I trust the member will withdraw his motion.

LIBRARY ARCHIVES Kerala Legislative Assembly

MR. TAMARAPALLIL KOCHU TOMMAN (*Pattanamtitta*): ഇൻകംടാക്സിനെ സംബന്ധിച്ച് ഇതിനുമുമ്പു ഫൈനാൻസ് വ്യ-ൽ കായംകുളം കോട്ടയം എന്നീസ്ഥലങ്ങളിലെ പ്രതിനിധികൾ പലവിധമായ പരാതികളെ പ്രജാസഭയിൽ പ്രസ്താപിക്കുകയും അതിനെ സംബന്ധിച്ചു കമ്മീഷണരോട് ചട്ടം കെട്ടിയാൽ കൊള്ളാമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇപ്പോൾ ഫൈനാൻ അവസാനിക്കാറായിട്ടും ഒരേർപ്പാടും ചെയ്തതായി കാണുന്നില്ല. ഇതും അതുപോലെ ആകാതിരുന്നാൽ കൊള്ളാം. ഈ രാജ്യത്തുള്ള വ്യാപാരികൾപോലും വ്യാപാരികൾ മാത്രമല്ല. അവർ കൃഷിയും മറ്റുതൊഴിലുകളുംകൂടി സ്വീകരിച്ച് ഉപജീവനം കഴിക്കുന്നവരാണ്. അവർക്കു കൊടുക്കേണ്ടിവരുന്നതിൽ കിട്ടാത്തതായ പല അയിറ്റവും കണ്ടേക്കാം. അതിനുംകൂടി അസസ്സ് ചെയ്യുവരുന്നുണ്ട്. ഇതിനെ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതി താമസംവിനാ ചെയ്യുമെന്നു വിശ്വസിച്ചുകൊണ്ട് ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

PRESIDENT: Does the House permit the member to withdraw his motion?

The motion was, by leave, withdrawn.

The following motions were not moved:—

Motions 66 to 70.

MR. T. C. KESAVA PILLAI:

66. To reduce the total allotment of Rs. 17,220 under Demand II by Re. 1.

MR. A. C. KURIAKOSE:

67. To reduce the total allotment of Rs. 17,220 under Demand II by Rs. 5.

MR. MURUVELIL PACHU PILLAI:

68. To reduce the total allotment of Rs. 17,220 under Demand II by Rs. 5.

MR. P. S. MAHOMED:

69. To reduce the total allotment of Rs. 17,220 under Demand II by Rs. 10.

MR. R. KESAVA PILLAI:

70. To reduce the total allotment of Rs. 17,220 under Demand II by Rs. 100.

PRESIDENT: The question is that a sum not exceeding Rs. 17,220 be granted under Demand II—Taxes on Income.

The grant was made.

DEMAND III—EXCISE DEPARTMENT.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): Sir, I rise to move for a grant not exceeding Rs. 6,43,245 under Demand III Excise Department.

Motions 71 and 72.

The following motions were not moved:—

MR. D. C. JOSEPH:

71. To omit the allotment of Rs. 1,100 for Travelling Allowance.

MR. N. K. KRISHNA PILLAI:

72. To reduce the allotment of Rs. 18,345 for Salt Factories by Re. 1.

LIBRARY ARCHIVES Kerala Legislative Assembly